# അഗപെ കയ്യെഴുത്തു മാസിക



VOLUME - XVIII

follow us:

+971 50 3243161 Gmail agape.magasine@gmail.com http://www.facebook.com/pages/Agape-Magasine

web : www.agapemagazine.com

# താളുകൾ മറിക്കുമ്പോൾ..

മുഖവുര.

യഹോവ ഭക്തനെ തനിക്കു വേർതിരിച്ചിരിക്കുന്നു
ലേഖനം. ബ്രദർ സജു ജോൺ മാത്യു

ഭക്തി, സമാധാനം, അനുഗ്രഹം
ലേഖനം, റെജി വർഗ്ഗീസ്, കുവൈറ്റ്.

ഞാനില്ലെങ്കിൽ
കവിത...

ക്രൂശിന്റെ മഹത്വം
ലേഖനം. ബെന്നി ജോർജ്ജ് - മണലി

വരൂ, നമുക്ക് സാക്ഷിക്കു വേണ്ടി ജീവിക്കാം...
സ്കിറ്റ്.

അനുകൂലമല്ലാത്ത കാറ്റ് പടകിനെ വലയ്ക്കുന്നു.
ലേഖനം..

അപ്പൊ. പ്രവൃത്തികൾ ഒരു പഠനം.

പഴയ പാട്ടുകൾ
സാധു കൊച്ചുകുഞ്ഞുപദേശി രചിച്ച ഗാനങ്ങൾ

ചോദ്യാവലി.

# മുഖവുര



## രക്ഷാ പ്രവർത്തനത്തിലണി ചേരുക...

രക്ഷാ പ്രവർത്തനത്തിലണി ചേരുക...

സുവിശേഷ വേലയിലും നമുക്കു ചെറുതും വലുതുമായ ഒട്ടനവധി രക്ഷാ പ്രവർത്തനത്തിൽ ഏർപ്പെടുവാൻ കഴിയും. പ്രകൃതി ദുരന്തങ്ങൾ നടന്നു കഴിഞ്ഞാണ് രക്ഷാ പ്രവർത്തനത്തിൽ ഇറങ്ങുന്നതെങ്കിൽ, സുവിശേഷ രക്ഷാ പ്രവർത്തനം ദുരന്തത്തിനു മുമ്പേ ചെയ്യുന്നതാണെന്നു ഒരു വ്യത്യാസം ഉണ്ട്. പ്രകൃതി ദുരന്തങ്ങളുടെ രക്ഷാ പ്രവർത്തനം ഒരു നിശ്ചിത സമയത്തേക്കു ചെയ്തു കഴിയുമ്പോൾ അവസാനിക്കുന്നതാണെങ്കിൽ സുവിശേഷ രക്ഷാ പ്രവർത്തനം, ദുരന്തമുണ്ടാകുന്നതു വരെയാണ്. ദുരന്തം ഉണ്ടായി കഴിഞ്ഞ് യാതൊരു രക്ഷാ പ്രവർത്തനവും ഒരിക്കലും സാധ്യമല്ല എന്നതു ഒരു വ്യത്യാസം കൂടെയുണ്ട്.

## മുഖവുര.

### രക്ഷാ പ്രവർത്തനത്തിലൂടെ...

ലോകം അവസാനമായി അഭിമുഖീകരിച്ച വലിയ ദുരന്തം നേപ്പാളിൽ സംഭവിച്ച ഭൂകമ്പമാണ്. അനേകർ അപകടങ്ങളിൽ പെടുകയും അനേകരുടെ ജീവനും സ്വത്തും നഷ്ടമാകുകയും ചെയ്തു. മനസാക്ഷിയെ നടുക്കിക്കൊണ്ട് പ്രകൃതിദുരന്തങ്ങൾ ഇടയ്ക്കിടെ ഭൂകമ്പമായും, കാറ്റ്, മഴ, വെള്ളപ്പൊക്കം, സുനാമി, കാട്ടുതീ അങ്ങനെ അനേക വിധങ്ങളിൽ തലപൊക്കി അനേകരെ കവർന്നെടുത്തു കൊണ്ട് പോകും. ഇതെല്ലാം നമ്മോട് വിളിച്ചു പറയുന്നത് എവിടെയും ആരും സുരക്ഷിതരല്ലെന്നാണ്. പ്രകൃതി ദുരന്തത്തിൽ മരണമടയുന്നവർക്ക് ഒരു നല്ല ശവസംസ്കാരം കിട്ടണമെന്നില്ല. വെട്ടിപ്പിടിച്ചതും, കൈവശം വച്ചതും ഒരു നിമിഷം കൊണ്ട് നഷ്ടപ്പെടുന്നത് നോക്കിനിൽക്കേണ്ട .. അവസ്ഥ. അല്ലെങ്കിൽ ഒരു പുരുഷായുസ്സു മുഴുവൻ നേടിയതു കൊടുത്താലും സ്വന്തം ജീവനെ രക്ഷിക്കുവാൻ കഴിയാത്ത നിസ്സഹായത.

വിവിധ രാജ്യങ്ങളും അതിലെ സംഘടനകളും ചെറുതും വലുതുമായ ...... രക്ഷാ പ്രവർത്തനങ്ങളിലേർപ്പെടുകയും, പഴയ ജീവിതത്തിലേക്കു ദുരന്തമനുഭവിച്ചവരെ കൂട്ടിക്കൊണ്ടു പോകയും ചെയ്തത് ശ്ലാഘനീയമാണ്.

സുവിശേഷ വേലയിലും നമുക്കു ചെറുതും വലുതുമായ ഒട്ടനവധി രക്ഷാ പ്രവർത്തനത്തിൽ ഏർപ്പെടുവാൻ കഴിയും. പ്രകൃതി ദുരന്തങ്ങൾ നടന്നു കഴിഞ്ഞാണ് രക്ഷാ പ്രവർത്തനത്തിൽ ഇറങ്ങുന്നതെങ്കിൽ, സുവിശേഷ രക്ഷാ പ്രവർത്തനം ദുരന്തത്തിനു മുമ്പേ ചെയ്യുന്നതാണെന്നു ഒരു വ്യത്യാസം ഉണ്ട്. പ്രകൃതിദുരന്തങ്ങളുടെ രക്ഷാ പ്രവർത്തനം ഒരു നിശ്ചിത സമയത്തേക്കു ചെയ്തു കഴിയുമ്പോൾ അവസാനിക്കുന്നതാണെങ്കിൽ സുവിശേഷ രക്ഷാ പ്രവർത്തനം, ദുരന്തമുണ്ടാകുന്നതു വരെയാണ്.

ദുരന്തം ഉണ്ടായി കഴിഞ്ഞ് യാതൊരു രക്ഷാ പ്രവർത്തനവും [illegible] സാധ്യമല്ല എന്നുള്ള ഒരു വ്യത്യാസം കൂടിയുണ്ട്. ദൈവ വേലയാകുന്ന രക്ഷാ പ്രവർത്തനത്തിൽ പങ്കാളിയാകുന്ന എന്നതായിച്ചാൽ മറ്റൊന്നും അവഗണിക്കപ്പെടാതെയുള്ള പ്രവർത്തനം കാഴ്ച വയ്ക്കണം. ഡി. എൽ. മൂഡി പറഞ്ഞതുപോലെ തനിക്ക് ഒരു രക്ഷാ ബോട്ട് ദൈവം കൊടുത്തു. "ഡി. എൽ. മൂഡി പരമാവധി ജനങ്ങളെ അതിലേക്ക് വലിച്ചു കയറ്റുക." അങ്ങനെ അദ്ദേഹം തന്റെ രക്ഷാ ബോട്ടിലേക്ക് മുങ്ങി താണു കൊണ്ടിരിക്കുന്ന ദശലക്ഷക്കണക്കിനു ജനങ്ങളെ കയറ്റി. അതിന് ഭാഷയുടെ സൗന്ദര്യമോ, ശബ്ദത്തിന്റെ മേന്മയോ, പ്രസംഗത്തിന്റെ ചാതുര്യമോ നോക്കിയില്ല. വളരെ വിദഗ്ധമായും രക്ഷപ്പെടുത്തുക. (ക്രൂശിക്കപ്പെട്ടവനായ ക്രിസ്തുവിനെ അല്ലാതെ ഒന്നും അറിയാത്തവനെപ്പോലെ സുവിശേഷത്തിനായി ഇറങ്ങുക. പരമാവധി ജനങ്ങളെ വലിച്ചു കയറ്റുക.



# യഹോവ ഭക്തനെ തനിക്കു വേർതിരിച്ചിരിക്കുന്നു

ലേഖനം. ബ്രദർ സജു ജോൺ മാത്യു

ദൈവം നമ്മെ രക്ഷിച്ചിട്ട് അപ്രകാരം അവിടെ വിട്ടുകളയുകയല്ല, എടുക്കപ്പെട്ട കുഴിയുടെ അരികെ വിട്ടുകളഞ്ഞിട്ടു പോകുന്ന ദൈവമല്ല, നമ്മെ തനിക്കുള്ളവരാക്കി-ത്തീർക്കുന്നു. എന്തിനു വേണ്ടിയാണ് ദൈവം നമ്മെ തനിക്കു-ള്ളവരാക്കിത്തീർക്കുന്നത്?

# യഹോവ ഭക്തനെ തനിക്ക് വേർതിരിച്ചിരിക്കുന്നു.

ലീന. സാജു ജോർജ് മാത്യു.

---

വായനഭാഗം:- സങ്കീർത്തനം -4:1-8.
"യഹോവ ഭക്തനെ തനിക്കു വേർതിരിച്ചിരിക്കുന്നു എന്നറിവിൻ"
[സങ്കീർത്തനം 4:3]

നാം വേർതിരിക്കപ്പെട്ടവരാണ് എന്ന് നമുക്ക് അറിയാം, ഇരുട്ടിൽ നിന്നും വിളിക്കപ്പെട്ടവരാണ്... അഴുക്കുള്ള കുഴിയിൽ ആയിരുന്നു എന്ന് നാം പറയുന്നു. മുഴുത്ത ചേറിലായിരുന്നു. പ്രത്യാശയില്ലാത്തവരായിരുന്നു. നാം എവിടെ ആയിരുന്നു എന്നതിനെ പറ്റിയാണ് നാം സംസാരിക്കുന്നത്. നാം വീണു കിടന്ന അവസ്ഥ; നാം കരങ്ങൾ അടിമത്വത്തിൽ നിന്നും രക്ഷപെട്ട മറ്റൊരു സ്ഥാനത്താകാനാണ്. യേശു നമ്മെ വീണ്ടെടുത്തു. എന്നാൽ അതാണോ മുഴുവൻ കഥ? ഇവിടെ സങ്കീർത്തനക്കാരൻ പറയുന്നു, കർത്താവു നമ്മെ വീണ്ടെടുത്തു എന്നത് മാത്രമല്ല. പിന്നെയോ അവൻ നമ്മെ തനിക്കായി വേർതിരിച്ചിരിക്കുന്നു. വാസ്തവത്തിൽ ഈ വ്യത്യാസം നാം മറന്നു പോകുന്നു എന്നുള്ളതാണ്.

ദൈവം നമ്മെ രക്ഷിച്ചിട്ട് അപ്രകാരം അവിടെ വിട്ടുകളയുകയല്ല, എടുക്കപ്പെട്ട കുഴിയുടെ അരികെ വിട്ടുകളഞ്ഞിട്ടു പോകുന്ന ദൈവമല്ല, നമ്മെ തനിക്കുള്ളതാക്കിത്തീർക്കുന്നു. എന്തിനു വേണ്ടിയാണ് ദൈവം നമ്മെ തനിക്കുള്ളവരാക്കിത്തീർക്കുന്നത്? എന്തുകൊണ്ടെന്നാൽ നാം അവനിൽ നിന്നാണ് വീണത്. ദൈവത്തിൽ നിന്നു നാം പാപത്തിലേക്കാണ് വീണത്. ഇരുളിലേക്കും, പ്രത്യാശയില്ലായ്മയിലേക്കും, മരണത്തിലേക്കും വീണു. അവനിൽ നിന്ന് അകന്നു പോയി. പിശാചിന്റെ ചതിയാൽ ദൈവത്തിൽ-

നിന്നും മുറിച്ച് മാറ്റപ്പെട്ടു. ദൈവകോപത്തിന് ഇരകളായി-ത്തീർന്നു. ആകയാൽ നമ്മുടെ രക്ഷയ്ക്കായി നാം അവങ്കലേക്ക് തിരിയേണ്ടതാണ്. ഇല്ലെങ്കിൽ നമ്മുടെ രക്ഷ പൂർണ്ണമാകു-ന്നില്ല.

ഒരിക്കൽ നാം അവന്റെ സ്വന്തമായിരുന്നു. എന്നാൽ ചില നാളുകളിലേയ്ക്ക് ദൈവത്തിൽ നിന്നും അകന്നു പോയി. ഇപ്പോൾ നാം ........ തിരികെയെത്തി ചേർന്നിരിക്കുന്നു. ഇപ്പോൾ നാം അനാഥരല്ല. പിതാവിന്റെ ഭവനത്തിലേക്ക് നാം തിരിച്ചെത്തി; ഇപ്പോൾ നാം പിതാവുമൊത്ത് ജീവിക്കേ-ണ്ടതാണ്. ഞാൻ മനസ്സിലാക്കുന്നു, ഞാൻ അവനിൽ നിന്നും അകന്നു പോയി. ഞാൻ അനാഥനായി, ഞാൻ സുരക്ഷിതനല്ല, ആകയാൽ ഞാൻ എന്തു ചെയ്യണം? അവനുമായി കൂടുതൽ അടുക്കുക. അവന്റെ നിത്യ സ്നേഹത്തിൽ നിന്നും ഒന്നിനും അകറ്റുവാൻ കഴിയാത്തവണ്ണം അടുക്കുകയാണ് വേണ്ടത്.

ഭരണ കാര്യങ്ങളിൽ മോശയെ സഹായിക്കുന്നതിന് ദൈവം ചിലരെ നിയമിച്ചു. ദൈവം മോശയോട് കല്പിച്ച-തെന്നാൽ എഴുപത് ഇസ്രായേൽ മൂപ്പന്മാരെ എനിക്കായി വേർതിരിക്കുക. (സംഖ്യ- 11:16) യേശു കർത്താവും പന്ത്രണ്ടു പേരെ തിരഞ്ഞെടുത്തു അവനോടു കൂടെ ആയിരിപ്പാനും പ്രസംഗിപ്പാനും വേണ്ടിയായിരുന്നു. (മർക്കോസ് 3:14).

നിങ്ങൾ എന്റെ ആടുകളാകുന്നു. എന്റെ മേച്ചിൽ പുറത്തെ ആടുകൾ, നിങ്ങൾ മനുഷ്യരത്രെ, ഞാനോ നിങ്ങളുടെ ദൈവം എന്നു യഹോവയായ കർത്താവ് അരുളിച്ചെയ്യുന്നു. [യെഹെസ്കേൽ 34:31]. നിങ്ങൾ തെറ്റി ഉഴലുന്ന ആടുകളെപ്പോലെ ആയിരുന്നു; ഇപ്പോഴോ നിങ്ങളുടെ ആത്മാക്കളുടെ ഇടയനും അധ്യക്ഷനുമായവങ്കലേക്കു മടങ്ങിവന്നിരിക്കുന്നു. [1 പത്രോസ് 2:25]

മറക്കാതിരിക്കുക ഓരോ നിമിഷവും നാം അവന്റേതാണ്,
അവന്റേതു മാത്രം.

പ്രാർത്ഥന:- യഹോവേ ഞങ്ങൾ മടങ്ങി വരേണ്ട-
തിന് ഞങ്ങളെ മടക്കിവരുത്തണമേ. [വിലാപങ്ങൾ 5:21]

തുടർ വായനയ്ക്കായി:- സങ്കീർത്തനം:23 , യോഹന്നാൻ 13:22-25



# രക്ഷ, സമാധാനം, അനുഗ്രഹം.

ലേഖനം- റെജി വർഗീസ്

രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട് ദൈവകൃപയിൽ അനുഗ്രഹിച്ചു നിൽക്കുന്നു അഭിമാനിക്കുന്ന നമ്മൾ ഇന്ന് ശത്രുവിന്റെ പോരിൽ നിന്ന് രക്ഷയും സമാധാനവും, കർത്താവിൽ നിന്ന് അനുഗ്രഹങ്ങളും പ്രാപിപ്പാൻ എവിടെ ആയാലും പോകാറുണ്ട്. യേശുവിനെ കർത്താവാക്കിയ നമ്മൾ രക്ഷയും സമാധാനവും അനുഗ്രഹവും പ്രാപിച്ചവരല്ലേ?

ലേഖനം: റെന്നി വർഗീസ്

സങ്കീർത്തനം 29:11 - യഹോവ തൻെറ ജനത്തിനു ശക്തി നല്കും; യഹോവ തൻെറ ജനത്തെ സമാധാനം നല്കി അനുഗ്രഹിക്കും.

29-ാം സങ്കീർത്തനത്തിൽ ഉടനീളം യഹോവയുടെ മഹത്വത്തെ വർണ്ണിച്ചിട്ട് ആ സങ്കീർത്തനത്തിൻെറ ആശീർവാദ സമയത്ത് ദൈവത്തിൽ നിന്ന് ഉറപ്പ് പ്രാപിച്ച ദാവീദ് പറയുന്ന വാക്യമാണ് "യഹോവ തൻെറ ജനത്തിനു ശക്തി നല്കും; യഹോവ തൻെറ ...... ജനത്തെ സമാധാനം നല്കി അനുഗ്രഹിക്കും എന്നുള്ളത്." ശക്തി, സമാധാനം, അനുഗ്രഹം, ഈ മൂന്നു കാര്യങ്ങൾക്കായി എല്ലാ വിഭാഗത്തിലും ഉള്ള ജനങ്ങൾ പായുകയാണ്. ഈ പാച്ചിലിൽ അവിശ്വാസികളായ ലോകത്തോടൊപ്പം, വിശ്വാസികൾ എന്നു പേർ പറയുന്നവരും ചേർന്ന് ഓടുന്നു. രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട് ദൈവകൃപയിൽ ആശ്രയിച്ചു നിൽക്കുന്നു എന്നഭിമാനിക്കുന്ന നമ്മൾ ഇന്ന് ശത്രുവിൻെറ പോരിൽ നിന്ന് ശക്തിയും സമാധാനവും, കർത്താവിൽ നിന്ന് അനുഗ്രഹങ്ങളും പ്രാപിപ്പാൻ എവിടെ ആയാലും പോകാറുണ്ട്. യേശുവിനെ കർത്താവാക്കിയ നമ്മൾ ശക്തിയും സമാധാനവും അനുഗ്രഹവും പ്രാപിച്ചതല്ലേ? യേശുവിനെ കർത്താവാക്കിയതു മൂലം ഉയരത്തിൽ നിന്ന് ഇതൊക്കെയും നമുക്കു ദാനമായി- ലഭിച്ചതാണ്. പിന്നെ എന്തു കൊണ്ട് നമ്മൾ ഇതൊക്കെയും അനുഭവിക്കുന്നില്ല. ഇത് കർത്താവ് അവൻെറ ജനത്തിനു മാത്രം നല്കുന്ന കാര്യങ്ങളാണ്. അപ്പോൾ ഈ കാര്യങ്ങൾ നേടാൻ നമ്മൾ സാക്ഷി വിറ്റിട്ട് കൺവൻഷനുകളിലും അനുഗ്രഹങ്ങൾ വാരിക്കോരി കൊടുക്കുന്നു എന്നു പറയുന്ന

ഭോഗങ്ങളിലും ചങ്ക് പൊട്ടുന്നതുകൊണ്ട് കിട്ടുന്നില്ല. ആദ്യം നാം അവന്റെ ജനം ആകേണം. അപ്പോൾ നമുക്ക് ഇതൊക്കെ ലഭിക്കും. അവന്റെ ജനത്തിന് യഹോവ എന്നും രക്ഷയും സമാധാനവും അനുഗ്രഹങ്ങളും നല്കുന്ന ദൈവമാണ്. അപ്പോൾ നമ്മിൽ പലർക്കും സംശയം തോന്നാം, ഞാൻ മറ്റുള്ളവരെ പോലെയല്ലല്ലോ, രക്ഷിക്കപ്പെട്ട് സ്നാനമേറ്റ് കർത്താവിന്റെ സഭയുടെ അംഗമാണ്, അവന്റെ വരവിനായി പ്രത്യാശയോടെ കാത്തിരിക്കുന്ന ജനം, അവനായി നിയോഗിക്കപ്പെട്ട വിശ്വാസികളുടെ കൂട്ടത്തിലെ അംഗവുമാണ്. പിതാവിനെയും പുത്രനായ മശിഹായെയും രക്ഷിതാവായി സ്വീകരിച്ച ഞാൻ പിന്നെ എന്തുകൊണ്ട് പല സന്ദർഭങ്ങളിലും രക്ഷ കിട്ടാതിരിക്കുന്നു, സമാധാനം ചിലപ്പോഴൊക്കെ ഇല്ലാതെയാവുന്നു. എന്റെ ജീവിതത്തിൽ എന്തുകൊണ്ട് പ്രയാസങ്ങൾ കടന്നുവരുന്നു. ഞാൻ അനുഗ്രഹം എന്തുകൊണ്ട് പ്രാപിക്കുന്നില്ല. മറ്റുള്ളവരെക്കാൾ നല്ല പോലെ ആരാധിക്കുന്നു. ദൈവവേല ചെയ്യുന്നു. കണ്ണുനീരോടെ ദിവസവും ഞാൻ ദൈവ സന്നിധിയിൽ ചിലവിടുന്നു. എനിക്കും രക്ഷ, സമാധാനം, അനുഗ്രഹങ്ങൾ ഇവ പ്രാപിക്കേണ്ടതുപോലെ പ്രാപിക്കുന്നില്ല.

ക്രിസ്തുവിനോടു ചേരുവാൻ സ്നാനം ഏറ്റ നമുക്ക് അവൻ നല്കി കഴിഞ്ഞ കാര്യങ്ങളാണിവ. നാം യേശുവിനെ കർത്താവാക്കിയതു മുതൽ നമ്മൾ അവന്റെ ജനമായി. അന്നു മുതൽ നമ്മുടെ പഴയ മനുഷ്യനെ ഉരിഞ്ഞുകളഞ്ഞ് ക്രിസ്തുവിനെ ധരിച്ചിരിക്കുകയാണ്. മുമ്പേ നാമും ബുദ്ധികെട്ടവരും അനുസരണമില്ലാത്തവരും വഴിതെറ്റി നടക്കുന്നവരും നാനാമോഹങ്ങൾക്കും ഭോഗങ്ങൾക്കും അടിമകളും ഈർഷ്യയിലും അസൂയയിലും കാലം കഴിക്കുന്നവരും ദ്വേഷ്യരും അന്യോന്യം പകെക്കുന്നവരും ആയിരുന്നു. (തീത്തോസ് 3:3). മുമ്പ് എന്നു എഴുതിയിരിക്കുന്നത് ദൈവ ജനം എന്ന് അവകാശപ്പെടുന്നതിനു മുമ്പ് വരെ.

എഫേസോസ് ദൂതിൽ പറഞ്ഞിരിക്കുന്നവയിൽ എന്തെങ്കിലും
നമ്മിൽ ഇപ്പോഴും നിലനിൽക്കുന്നുണ്ട്, എന്തെല്ലാം നമ്മിൽ നിന്ന്
മാറിപ്പോയി. ഇവയെ – മനസ്സിരുത്തി ധ്യാനിക്കണം. ഇവയിൽ
എന്തെങ്കിലും നമ്മിൽ കുടികൊള്ളുന്നുവെങ്കിൽ നാം ഇപ്പോഴും
പഴയ മനുഷ്യർ തന്നെയാണ്. അസൂയയും, വിദ്വേഷവും, അന്യോന്യം
പകെക്കുന്നതും നമ്മിൽ ഉണ്ടാകാറുണ്ടോ? നമ്മുടെ കൂട്ടു സഹോദര-
ന് അല്ലെങ്കിൽ കൂടെ ജോലി ചെയ്യുന്നവർക്കു സ്ഥാനക്കയറ്റം ലഭി-
ക്കുമ്പോൾ ശമ്പള വർദ്ധനവ് ഉണ്ടാകുമ്പോൾ മനസ്സിൽ
അവർക്കെതിരെ അസൂയ ഉണ്ടാകാറുണ്ടോ? അങ്ങനെയെങ്കിൽ
നാം ഇപ്പോഴും പഴയ മനുഷ്യർ തന്നെയാണ്. അതുകൊണ്ടാണ്
രക്ഷയും സമാധാനവും അനുഗ്രഹവും നാം തേടി നടക്കുന്നത്.

എന്നാൽ നമ്മുടെ രക്ഷിതാവായ ദൈവത്തിന്റെ
ദയയും മനുഷ്യപ്രീതിയും ഉദിച്ചപ്പോൾ അവൻ നമ്മെ നാം ചെയ്ത
നീതിപ്രവർത്തികളാലല്ല തന്റെ കരുണ പ്രകാരമത്രെ രക്ഷിച്ചത്.
അങ്ങനെ അവന്റെ ജനമായി അവന്റെ വചനങ്ങൾ പ്രമാണിക്കുന്ന-
വർക്ക് "യഹോവ തന്റെ ജനത്തെ രക്ഷിക്കും, യഹോവ
തന്റെ ജനത്തെ സമാധാനം നൽകി അനുഗ്രഹിക്കും" എന്നു
ഉള്ളത് യാഥാർത്ഥ്യമായിത്തീരും. ഇവിടെ ഉറപ്പുള്ള കാര്യമായി
ട്ടാണ് ദാവീദ് പറയുന്നത്. അങ്ങനെ അവന്റെ ജനമായി
അവന്റെ പുത്രനായ യേശുവിനെ ധരിച്ച് ലോകത്തിന്റെ എല്ലാ
മോഹങ്ങളെയും വിട്ടൊഴിഞ്ഞ് ജീവിക്കാം. അപ്പോൾ നാം
മനസ്സിലാക്കി തുടങ്ങും, രക്ഷയും സമാധാനവും അനുഗ്രഹവും
നമുക്കു ലഭിച്ചു കഴിഞ്ഞു എന്ന്:

സകലത്തിലും അവനോട് ചേർന്നിരിക്കുന്നവരായി
ത്തീരാം, അവന്റെ കല്പനകളെ പ്രമാണിച്ച് ദൈവഹിതം
നമ്മിലൂടെ നിറവേറ്റാം. ദൈവം ഏവരെയും അനുഗ്രഹിക്കട്ടെ!
തുടർ വായനയ്ക്ക്:- എഫേസ്യർ 4:22-24

# ഞാനില്ലെങ്കിൽ...



കാലവും സമയവും
വേനലും മഴയും
ശിശിരവും വസന്തവും
ഞാനില്ലെങ്കിൽ... ?

കവിത

കവിത...

## ഞാനില്ലെങ്കിൽ...

ഞാനില്ലെങ്കിൽ ഭൂമി,.. നിന്റെ നിലനിൽപ്പ് തന്നെ ഞാനല്ലേ..
ഞാനില്ലെങ്കിൽ എന്റെ ചുറ്റിലും കറങ്ങുന്ന നീയെന്താകും -
എന്നാണ് എന്റെ ചിന്ത.
ഞാനില്ലെങ്കിൽ എന്റെ മക്കളുടെ ഭാവി..
ഞാനില്ലെങ്കിൽ എന്റെ ബന്ധുക്കൾ അനാഥരാകും.
ഞാനില്ലെങ്കിൽ എന്റെ സ്ഥാപനം..
ഞാനില്ലെങ്കിൽ എന്റെ രാജ്യം..
അയ്യോ.. ഞാനില്ലാതാകുന്നത് എനിക്കു ഓർക്കുവാനേ വയ്യാ..

കാലവും സമയവും
വേനലും മഴയും
ശിശിരവും വസന്തവും
ഞാനില്ലെങ്കിൽ... ?

അയ്യോ.. ഞാനില്ലെങ്കിലും
ഇതെല്ലാം തൽസ്ഥാനത്തു കാണും.
ഞാൻ അതു എനിക്കു മാത്രമാണു പ്രധാനം.
ഞാനില്ലെങ്കിൽ ഒരൊന്നും
കീഴ്മേൽ മറികയില്ല.



# ക്രൂശിന്റെ മഹാത്മ്യം

ലേഖനം- ബെന്നി ജോർജ്ജ് മണലി [MSc- M.Div]



ക്രൂശിൽ സംഭവിച്ച മറ്റൊന്ന് ഒരു വെച്ചുമാറൽ അഥവാ EXCHANGE ആയിരുന്നു. നമ്മുടെ ജന്മ കർമ്മ പാപങ്ങളെല്ലാം ക്രൂശിൽ യേശു കർത്താവു ഏറ്റെടുത്തു. നമുക്ക് പകരമായി മരിച്ച്, പാപ പരിഹാരം നമുക്കു പകരം നല്കി. A GREAT EXCHANGE.

# ക്രൂശിന്റെ മഹത്വം

ലേഖനം- ബെന്നി ജോർജ്ജ് - മണലി.

ഒരിക്കൽ ഞാൻ ദില്ലിയിൽ നിന്നും ആലുവായിലേക്ക് ട്രെയിനിൽ വരികയായിരുന്നു. ഒരു സൈഡ് സീറ്റിൽ ഇരുന്ന് കാഴ്ചകൾ ആസ്വദിക്കുകയായിരുന്നു. ട്രെയിൻ തൊട്ടടുത്ത സ്റ്റേഷനിൽ നിർത്തിയപ്പോൾ ഞാനിരിക്കുന്ന കംപാർട്ട്മെന്റിലേക്ക് ഒരു പറ്റം ആൺ-കുട്ടികൾ ഇടിച്ചു കയറി. അവരിൽ ഒരാൾ എന്റെ സീറ്റിന്റെ എതിർ വശത്തായി ഇരുന്നു. ഞാനയാളെ ശ്രദ്ധിച്ചു. പുറം കാഴ്ചകളിൽ നിന്നും ഇടയ്ക്കിടെ എന്റെ നോട്ടം അയാളിലായി. ജീൻസും ടീഷർട്ടും അണിഞ്ഞ് തലമുടി പറ്റെ വെട്ടി കൈത്തണ്ടിൽ പച്ചകുത്തിയ ഒരു പരിഷ്കാരി. എന്നാൽ എന്നെ അത്ഭുത-പ്പെടുത്തിയത് അയാൾ മാലയായി ഉപയോഗിച്ച കുരിശായിരുന്നു. അതെനിക്ക് ആശ്ചര്യവും അതിലേറെ സങ്കടവും ഉളവാക്കി. ആ യാത്രയിലുടനീളം എന്നെ ചിന്തിപ്പിച്ചത് ആ കഴുത്തിലണി-ഞ്ഞ കുരിശായിരുന്നു.

അതെ ചിലർക്ക് കുരിശ് ആഭരണമാണ്. ചിലർക്ക് കുരിശ് ക്രിസ്ത്യാനിയാണെന്നുള്ള അടയാളം. മറ്റു ചിലർക്ക് ഒരു സംസ്കാരത്തിന്റെ, ജനവിഭാഗത്തിന്റെ അടയാളവും. എന്നാൽ എന്താണ് കുരിശെന്നും ക്രൂശുമരണം എന്താണെന്നും എന്തിനാണ് കുരിശെന്നും ഉള്ള കുറെയേറെ ചിന്തകൾ എന്നെ ഒരു അന്വേഷണത്തിലേക്ക് നയിക്കുവാൻ ഈ ചെറിയ സംഭവം മുഖാന്തിരമായി.

എന്താണ് കുരിശ്, എന്താണ് കുരിശുമരണം, എന്താണ് യേശു കർത്താവിന്റെ ക്രൂശുമരണത്താൽ സംഭവിച്ചത്.

ക്രൂശീകരണം - ബി.സി. 519ൽ ആണ് ആരംഭിച്ച-തെന്ന് വിശ്വസിക്കപ്പെടുന്നു. ബി.സി. ഒന്നാം നൂറ്റാണ്ടിൽ-

റോമാക്കാർ, റോമാക്കാരല്ലാത്തവരെ ശിക്ഷിക്കുവാനുള്ള ഒരു മാർഗ്ഗമായി തിരഞ്ഞെടുത്തതാണ് ക്രൂശീകരണം. എന്നാൽ കോൺസ്റ്റന്റൈൻ ചക്രവർത്തിയുടെ കാലത്ത് അവർ അത് നിർത്തലാക്കി.

ക്രൂര ക്രൂശീകരണം വളരെയധികം വേദന ഉളവാക്കുന്ന ഒരു ശിക്ഷാ മാർഗ്ഗമാണ്. മരണം സംഭവിക്കുന്നത് ക്രൂശീകരണത്തിന്റെ ദിവസങ്ങൾക്കു ശേഷം മാത്രമാണ്. ശ്വാസമില്ലായ്മ, അണുസംക്രമണം, മുതലായ കാരണം മൂലമാകും മരണം സംഭവിക്കുക. ക്രൂശിൽ ... തൂങ്ങിയ വ്യക്തി ആ സമയത്ത് കരയുകയും പ്രാകുകയും ചെയ്യും. ... ആയതിനാലാണ് ക്രൂശിക്കപ്പെടുന്നവരുടെ നാവുകൾ ശാപവാക്കുകൾ ഉച്ചരിക്കാതിരിക്കുവാൻ വേണ്ടി പിഴുതു മാറ്റുന്നത്.

ഇനിയും നമുക്ക് യേശുവിന്റെ ക്രൂശുമരണത്താൽ എന്ത് സംഭവിച്ചു എന്നു ചിന്തിക്കാം.

യേശു കർത്താവിന്റെ ക്രൂശീകരണത്തിൽ സംഭവിച്ചതെന്ത്?

യേശു കർത്താവിന്റെ ക്രൂശിൽ സംഭവിച്ച പരമ പ്രധാനമായ കാര്യം പാപപരിഹാരമായിരുന്നു. "കാളകളുടെയും ആട്ടുകൊറ്റന്മാരുടെയും രക്തത്തിനു നമ്മുടെ പാപങ്ങളെ നീക്കുവാൻ കഴിയാത്തതിനാൽ പാപമില്ലാത്ത രക്തത്താൽ നമുക്ക് പാപപരിഹാര ക്രൂശുമരണം മുഖാന്തിരം ദൈവം, തന്റെ പുത്രനാൽ സാധിപ്പിച്ചു. ന്യായപ്രമാണ പ്രകാരം സകലവും രക്തത്താൽ ശുദ്ധീകരിക്കപ്പെടുന്നു. രക്തം ചൊരിഞ്ഞിട്ടല്ലാതെ വിമോചനമില്ല. [എബ്രായർ 9:22]

രണ്ടാമതായി ക്രൂശിൽ, അല്ലെങ്കിൽ ക്രൂശുമരണത്താൽ സംഭവിച്ചത് പ്രവചനങ്ങളുടെ നിവർത്തി ആയിരുന്നു. പ്രവാചകന്മാർ, ഭക്തന്മാർ, തലമുറ തലമുറയായി പ്രവചിച്ച പ്രവചനങ്ങളുടെ പൂർത്തീകരണം.

ഈ പ്രവചന നിവർത്തിയിലൂടെ പ്രവാചകൻമാർ അവരുടെ പ്രവചന സാധൂകരണം ദൈവാത്മാവിനാൽ നില നിർത്തി. അല്ലെങ്കിൽ ദവീ തലമുറ അവരെ കള്ള പ്രവാചകൻമാർ എന്നു മുദ്രയിടേണം!
മൂന്നാമതായി കുരിശു മരണത്താൽ യേശു ക്രിസ്തു പഴയ നിയമത്തെ മാറ്റി എഴുതി.
ന്യായപ്രമാണത്തിന്റെ കീഴിലുള്ളവരെല്ലാം ശാപത്തിന്റെ കീഴിലത്രെ. ചീന്തപ്പെട്ട തിരശ്ശീല അതിനെ സൂചിപ്പിക്കുന്നു. ദൈവ സ്നേഹമെന്ന, പുത്രത്വമെന്ന പുതിയ നിയമം എഴുതിച്ചേർക്കപ്പെട്ടത് കുരിശു മരണത്താലാണ്. ആ നിയമം ഹൃദയ പലകയിലാണ് എഴുതപ്പെട്ടത്. പ്രായശ്ചിത്തമെന്ന പാപ പരിഹാരത്തിനു പകരം വിശ്വാസമെന്ന പുതിയ നിയമം.

ക്രൂശിൽ സംഭവിച്ച മറ്റൊന്ന് ഒരു വെച്ചുമാറൽ അഥവാ EXCHANGE ആയിരുന്നു. നമ്മുടെ ജന്മ കർമ്മ പാപങ്ങളെല്ലാം ക്രൂശിൽ യേശു കർത്താവു ഏറ്റെടുത്തു. നമുക്ക് പകരമായി മരിച്ച്, പാപ പരിഹാരം നമുക്കു പകരം നേടി. A GREAT EXCHANGE.
യേശുവിന്റെ ക്രൂശു മരണത്താൽ ശത്രുത നീക്കപ്പെട്ടു. അതെ ദൈവത്തിന്റെ സ്വന്തജനമായ യിസ്രായേല്യം ജാതികളും എന്ന ശത്രുത നീക്കി. നിരപ്പാക്കി, എല്ലാവരും സ്വന്തജനവും വിശുദ്ധസവർഗ്ഗവുമായി. വേർപാടിന്റെ നടുച്ചുവർ ഇടിച്ചു മാറ്റി. [എഫെസ്യർ 2:14-16].
യേശുവിന്റെ ക്രൂശു മരണത്താൽ കർത്താവ് കഷ്ടപ്പാടിന്റെ സഹനത്തിന്റെ മകുടോദാഹരണമായി. നമുക്കു ക്രിസ്തീയ ജീവിതത്തിൽ കഷ്ടപ്പാടുകളും വേദനയും

ഉണ്ടാകാം എന്ന മഹത്തായ ഉദാഹരണം. ചിലർ വിചാരിക്കുന്നതു പോലെ ക്രിസ്തീയ ജീവിതം ഒരു പനിനീർ പൂമെത്തയല്ല. കഷ്ടതകളുണ്ടാകാം എന്നാൽ അതിനെ തരണം ചെയ്യുവാനുള്ള മനസാന്നിധ്യം ദൈവ-ത്താൽ സാധ്യമാണെന്ന വെളിപ്പെടുത്തൽ. കഷ്ടതയുടെ നടുവിലും പിതാവിനെ ദർശിക്കുവാനുള്ള പുത്രന്റെ മനസാന്നിധ്യം നമുക്കും ഈ പീഡനങ്ങളുടെ കാലത്തിൽ പ്രചോദനമാണ്.

ക്രൂശു മരണം ദൈവ സ്നേഹത്തിന്റെ ഉത്തമ ഉദാഹരണമാണ്. പാപികളായ നമ്മെ രക്ഷിക്കുവാൻ- നരകം ശൂന്യമാക്കുവാൻ, ശത്രുക്കളായ മനുഷ്യരെ രക്ഷിപ്പാൻ സ്വന്ത പുത്രനെ നൽകിയ ദൈവ സ്നേഹം അത് അതുല്യ സ്നേഹത്തെ സൂചിപ്പിക്കുന്നു.

ക്രൂശുമരണത്താൽ സംഭവിച്ചത് ദൈവത്തിന്റെ മനുഷ്യ രക്ഷയ്ക്കായുള്ള ഒരു ബൃഹത് പദ്ധതിയുടെ പരി-സമാപ്തിയായിരുന്നു. ഉൽപത്തി 3:15ൽ തുടങ്ങിയ പദ്ധതിയുടെ പരിസമാപ്തി.

യേശു കർത്താവിന്റെ ക്രൂശു മരണത്താൽ സംഭവിച്ച മറ്റൊരു പ്രധാന സംഭവം രൂപാന്തരം ആയിരുന്നു. ശത്രുക്കളെ മിത്രമാക്കിയ, പുത്രത്വം നൽകിയ പൗരോഹിത്യം നൽകിയ, സ്വന്ത ജനമാക്കിയ രൂപാന്തരം. അത് യേശുവിന്റെ മരണത്തോടെ സംഭവിച്ചു.

ആയതിനാൽ ക്രൂശു ചിലർക്ക് അപമാനമോ, അജ്ഞാ-തമോ അനാചാരമോ ആയേക്കാം, എന്നാൽ വീണ്ടെടുക്കപ്പെട്ട്, ഉയർത്തിരിക്കപ്പെട്ടവർക്ക് അത് നിത്യതയുടെയും പുത്രത്വത്തിന്റെയും ദൈവസ്നേഹത്തിന്റെ അനശ്വരമായ ഒന്നാണ്.

# വരൂ! നമുക്ക് ഡാഡിക്കു വേണ്ടി ജീവിക്കാം...
## സ്കിറ്റ്...



മാറാനാഥാ ഫുൾ ഗോസ്പൽ ചർച്ച് ദുബായുടെ ആഭിമുഖ്യത്തിൽ 2014 ഒക്ടോബർ മാസത്തിൽ Middle East Conference-ൽ വച്ച് അവതരിപ്പിച്ച സ്കിറ്റ്.

## അവതാരിക. [SKIT]

'ഇയ്യോബ്' നിഷ്കളങ്കനും, നേരുള്ളവനും ദൈവഭക്തനും ദോഷം വിട്ടകലുന്നവനും എന്ന് ദൈവത്തിൽ നിന്നും സാക്ഷ്യം ലഭിച്ച ബൈബിളിലെ ചുരുക്കം ചിലരിൽ അഗ്രഗണ്യൻ. എന്തെല്ലാം കഷ്ടത വന്നിട്ടും ദൈവവുമായുള്ള സ്നേഹത്തിന് ആധാരമായിരിക്കുന്നത് തന്റെ സമ്പത്തോ, വസ്തുവകകളോ, മക്കളോ, സ്വന്തം പ്രാണൻ പോലുമോ അല്ലെന്ന് അസന്നിഗ്ധമായി തെളിയിച്ച വിശ്വസ്തനായിരുന്നു ഇയ്യോബ്.

ഇയ്യോബ് ദൈവത്തെ തീർച്ചയായും ഭയപ്പെട്ടിരുന്നു. അതു പോലെ അവൻ ദൈവത്തെ സ്നേഹിച്ചിരുന്നു. അതുകൊണ്ടാണല്ലോ തന്റെ മക്കൾ താന്താന്റെ ദിവസത്തിൽ, താന്താന്റെ വീട്ടിൽ വിരുന്നു കഴിക്കുകയും തങ്ങളോടു കൂടെ ഭക്ഷിച്ചു പാനം ചെയ്‌വാൻ, തങ്ങളുടെ മൂന്നു സഹോദരിമാരെയും ആളയച്ചു വിളിപ്പിക്കുകയും ചെയ്ത് അവർ ജീവിതം ആഘോഷിക്കുമ്പോൾ, തന്റെ മക്കൾ പാപം ചെയ്ത് ദൈവത്തെ ഹൃദയം കൊണ്ടു ത്യജിച്ചു പോയിരിക്കും എന്നു പറഞ്ഞ് ആളയച്ചു വരുത്തി അവരെ ശുദ്ധീകരിക്കുകയും അവരുടെ സംഖ്യയ്ക്ക് ഒത്തവണ്ണം ഹോമയാഗങ്ങളെ കഴിക്കുകയും ചെയ്തത്.

സാത്താൻ ഇയ്യോബിനെ പരീക്ഷിക്കേണ്ടതിന് അനുവാദം ചോദിച്ചു ദൈവസന്നിധിയിൽ നിൽക്കുമ്പോൾ, ഒരു പേടിയുമില്ലാതെ അവനെ ഏൽപ്പിച്ചു കൊടുത്തത് അവനെ ശോധന ചെയ്താലും ഇയ്യോബ് പൊന്നു പോലെ പുറത്തു വരുമെന്ന് ദൈവത്തിന് ഉറപ്പുണ്ടായിരുന്നു.

പഴയ നിയമ ഭക്തനായിരുന്ന ഇയ്യോബ്, മോശെ മുഖാന്തിരം നൽകിയ ന്യായപ്രമാണം ദൈവത്തിന്റെ –

ഉത്തമമായിരുന്നു നല്കിയതെന്ന് മനസ്സിലാക്കി അനുസരി-
ക്കുവാൻ വ്യഗ്രത കാട്ടി.

അനേകർ ഭയത്തോടെ അനുസരിക്കുവാൻ ശ്രമിച്ച് വഴിയിൽ
വെച്ച് നശിച്ചുപോയപ്പോൾ സ്നേഹത്തോടെ അനുസരിച്ചവർ
മാതൃക കാട്ടി. എന്നെ വീണ്ടെടുക്കുന്നവൻ ജീവിച്ചിരിക്കുന്നു-
വെന്നും എന്റെ ത്വക്ക് ഇങ്ങനെ നശിച്ച ശേഷം ഞാൻ
ദേഹരഹിതനായി ദൈവത്തെ കാണും എന്നും അന്യന്റെ
കണ്ണു കൊണ്ടല്ല എന്റെ സ്വന്തം കണ്ണു കൊണ്ടു ഞാൻ അവനെ
കാണുമെന്നും അവൻ ഉറച്ചു പ്രഖ്യാപിച്ചു.

ക്രൂശിന്റെ ദർശനം കിട്ടാത്ത പഴയനിയമ ഭക്തനായിരുന്ന
ഇയ്യോബ് ... ഇതെല്ലാം അനുഭവമാക്കിയെങ്കിൽ, കൃപയും
സത്യവും നിറഞ്ഞവനായി കടന്നു വന്ന് ക്രൂശിൽ നമുക്കു വേണ്ടി
പിടഞ്ഞു മരിച്ച നമ്മുടെ സ്നേഹിതനായ യേശു കർത്താവിന്റെ
സ്നേഹം മനസ്സിലാക്കിയ നാം ഓരോരുത്തരും അവനെ
അനുസരിക്കുന്നത് സ്നേഹത്തിൽ നിന്നാണോ, എന്നു നമുക്കു
ഒന്നു ശോധന ചെയ്യാം...

ദിനംതോറും ദൈവ വചനം നമ്മെ കൂട്ടിക്കൊണ്ട് പോകയാണ്
ആ ഇയ്യോബിന്റെ ദർശനത്തിലേക്ക്, ദർശനവും കാഴ്ചപ്പാടുകളും
പഴയതാണെങ്കിലും. കാലത്തിനൊത്ത് നമ്മൾ മാറേണ്ടേ
'Brothers' എന്നു ചോദിക്കുന്ന 'New Generations'
ഭൂതകാലത്തിലേക്ക്, അനുഗമിച്ചാലും...

'വരൂ! നമുക്ക് സാക്ഷിക്കു വേണ്ടി ജീവിക്കാം...'

<u>രംഗം - ഒന്ന്.</u>
സഹോദരിമാർ തമ്മിൽ സംസാരം- സഹോദരിമാരിൽ ഒരാളുടെ വീടാണ് രംഗം-
*. എടി ചേച്ചി ആങ്ങളയുടെ വീട്ടിലാ ഇന്ന് പരിപാടി ?
—. ഇന്ന് നമ്മുടെ കുഞ്ഞാങ്ങളയുടെ വീട്ടിലാ ചേച്ചി.
*—. കാര്യം എന്തൊക്കെ പറഞ്ഞാലും ആങ്ങള പറഞ്ഞയച്ചു വിളിച്ചില്ലെങ്കിൽ ഞാൻ എങ്ങും വരില്ല.

<u>രംഗം - രണ്ട്.</u>
ഇതൊരു സഹോദരന്റെ ഭവനമാണ് രംഗം.
എല്ലാ സഹോദരങ്ങളും തമ്മിൽ വന്ദനം ചെയ്യുന്നു.
PRAISE THE LORD... BROTHER.. PRAISE THE LORD... SISTER
എന്ന് ഉറക്കെ പറയുന്നു.
കേൾക്കുന്നവർ വിചാരിക്കണം [ഇത് വെറുതെ പറയുന്നതാണ് ഹൃദയത്തിൽ നിന്നല്ല പറയുന്നത് എന്ന്.]

*—. ബ്രദർ എല്ലാദിവസവും ഇത് ആരുടെ വീട്ടു അങ്ങേരെ വിളിക്കുന്നത് എന്തിനാ... അങ്ങേർ ഒരു വരികയില്ലായോ.. ഇത് അങ്ങേരുടെ സ്വന്തം വീട് പോലുള്ളിയോ...

/.. ഡാഡി വിശ്വം STRICT ആണെന്നാ തോന്നുന്നത് കേട്ടോ..
\... അതെന്താ ചേട്ടാ..
/... എടാ നമ്മുടെ ഒരു ചുരുക്കി (സാത്താൻ) ഡാഡിയെ ഒന്നു വീഴിക്കാൻ വേണ്ടി ദൈവത്തിന്റെ അടുക്കൽ ചെന്നു നിന്നു അവനെ ഒരിക്കും പണി കിട്ടിയെന്നാ തോന്നുന്നത്.

അവൻ വന്നു പറഞ്ഞത് വെറുതെയാണോ ഡാഡി
ഭക്തനായിരിക്കുന്നത്, അവനെന്തിനെല്ലാം നീ വേലി-
ക്കെട്ടി സംരക്ഷിച്ചിരിക്കുകയല്ലിയോ എന്ന് ഒരു ചോദ്യം...
!... അല്ലേൽ തന്നെ പ്രാർത്ഥനയും ആരാധനയും
ബൈബിൾ ക്ലാസ്സും ഒക്കെയായി ഒരു മാതിരിയായിട്ടുണ്ട്.
അതിന്റെ കൂട്ടത്തിൽ ഇതു കൂടെ ആയാൽ നല്ല ശേലായി.

!... നമ്മൾ എന്തു ചെയ്താലും ... ഡാഡി ഈ പരാക്രമം
തന്നെ കാണിക്കുന്നത്. ഒന്നുകിൽ ഒരു സിനിമ കാണും.
Facebook കുറച്ചു നോക്കും, അല്ലെങ്കിൽ ആരുടെയെങ്കിലും
കൂടെ ചാറ്റും. ഈ ചെറിയ കാര്യങ്ങൾക്കു ഇങ്ങനെ പാപ
ക്ഷമ ചോദിക്കേണ്ട വല്ല കാര്യവുമുണ്ടോ?

!... നമ്മൾ ഇങ്ങനെ കൂടുന്നത് ഡാഡിക്ക് ഒട്ടും ഇഷ്ടമല്ല.
നമ്മൾ പാപം ചെയ്ത് ദൈവത്തെ ദുഃഖിപ്പിക്കുമോ എന്നു
സംശയമാ.. അതല്ലേ ഈ പരാക്രമത്തിന് കാരണം.

!... ഇതൊക്കെ ചെറിയ കുറ്റമാണോ, ക്ഷമ ചോദിക്കേ
ണ്ടാ എന്നോ, ഡാഡി ഇതൊന്നും കേൾക്കില്ലെന്നോ.. ചെറുതാ-
ണെങ്കിലും വലുതാണെങ്കിലും എല്ലാ പാപവും ദൈവസന്നിധിയി-
ൽ എത്തുമ്പോൾ ...... ഗൗരവമുള്ളതു തന്നെയാണ്.

!... നമ്മൾ നൂറു ശതമാനം തികഞ്ഞവരാണെന്നു മനസ്സിൽ
വിചാരിച്ചെങ്കിലും. അപ്പോൾ പിന്നെ മറ്റുള്ളവരെ കുറ്റം
പറയുവാനോ വിധിക്കുവാനോ ഒരു പ്രയാസം ഉണ്ടാകില്ല.

!... വിശ്വാസത്തിനു വേണ്ടി നിൽക്കുവാനല്ലെങ്കിൽ നാം എന്തിനാണ്
അതിനെ ഉപേക്ഷിച്ചത്.

*... ഏടി നമ്മുടെ നാട്ടിൽ ഏറ്റവും മാന്യതയുള്ളവരായി-രിക്കണം എന്നാണ് സ്വാമി പറയാറുള്ളത്. നമ്മൾ ഈ ലോക-ത്തിലെ വലിയ പണക്കാരാണ് എന്ന് പറഞ്ഞിട്ടെന്താ കാര്യം. ഒരു നല്ല ഡ്രസ്സ് ഇടാൻ സമ്മതിക്കുമോ.. എല്ലാം മൂടിക്കെട്ടി ഒരു ഡ്രസ്സ്. ഓരോരുത്തരും വരുന്നത് കാണണം .. എന്റമ്മോ..

!... അതെ എതിരികൾ നമ്മെക്കൊണ്ട് ഒരു തിൻമയും പറയാ-തവണ്ണം നമ്മെത്തന്നെ സൂക്ഷിക്കണം. ഞാൻ നിങ്ങളോട് പറയണമെന്ന് വിചാരിച്ചതാ.. തിമൊഥെയോസിന് ലേഖനം എഴുതുമ്പോൾ പൗലോസ് പറയുന്നത്. "സ്ത്രീകൾ യോഗ്യമായ ........ വസ്ത്രം ധരിച്ചു ലജ്ജാശീലത്തോടും സുബോധ-ത്തോടും കൂടെ തങ്ങളെ അലങ്കരിക്കേണം" എന്നാണ്.

*... ചേട്ടൻ എല്ലാ ആഴ്ചയിലും ബൈബിൾ ക്ലാസിനു പോകുന്നതുകൊണ്ട് നല്ല ബൈബിൾ ജ്ഞാനമാ.. ബൈബിൾ അധികം പഠിക്കരുത്. പഠിച്ചാൽ ഇതെല്ലാം അനുസരിക്കേ-ണ്ടി വരും.

-... അതുകൊണ്ടല്ലേ ചേച്ചി പാസ്റ്റർ എത്ര പറഞ്ഞിട്ടും ഞാൻ ബൈബിൾ ക്ലാസിനു പോകാത്തത്. നമ്മൾ ഇതെല്ലാം പഠിച്ചാൽ ഉടനല്ലേ "ഇതെല്ലാം അനുസരിക്കേണ്ടി വരും." അറിയാതെ ഒരു അടിക്കു യോഗ്യമായതു ചെയ്തവനു കുറെ അടി കൊള്ളും. വളരെ ലഭിച്ചവനോടു വളരെ ആവശ്യപ്പെടും." ഇതും കൂടി പാസ്റ്റർ പറഞ്ഞത് എന്തായാലും നന്നായി.

*... ഞാനതല്ല ആലോചിക്കുന്നത്, എല്ലാദിവസവും ബൈബിൾ പഠിച്ചിട്ടും അനുസരിക്കാത്തവരുടെ കാര്യമാ. അവർക്കു അടി കിട്ടുമല്ലിയോ.

\... ഇന്ന് വെള്ളിയാഴ്ചയാ.. ആരാധനയ്ക്കു പോകും ദിവസമാ...

1... പറഞ്ഞ പോലെ നേരമായല്ലോ കർത്താവേ.. സമയം 12 മണിയായി. ഇന്ന് ഒരു മണിക്ക് എത്താൻ പറ്റുമോ എന്നു തോന്നുന്നില്ല.

\... ഇതെന്തിനാ ഇത്ര നേരത്തെ പോകുന്നത്. ഒന്നരയ്ക്കല്ലിയോ ആരാധന തുടങ്ങുന്നത്. രണ്ടര ആകുമ്പോഴേക്കും എത്തിയാൽ മതി.

/... ഞാൻ എന്നും വെള്ളിയാഴ്ച എഴുന്നേൽക്കുന്നത് തന്നെ 12 മണിക്കാ. ആഴ്ചയിലൊരിക്കൽ ഉപവസിക്കണമെന്നാ. താമസിച്ചു എഴുന്നേറ്റാൽ വിശക്കുകയുമില്ല. ആരാധന കഴിഞ്ഞ് നാലു മണിക്കു ഭക്ഷണം കഴിക്കുകയും ചെയ്യാം. ഉപവാസവുമായി. വിശക്കുകയുമില്ല. 'അങ്കവും കാണാം. താളിയുമൊടിക്കാം'..

\... അല്ല പിന്നെ 1:50 കഴിഞ്ഞേ ഹാളിനകത്തു കയറൂ. അപ്പോഴേക്കും പാസ്റ്റർ പുറകിൽ നിന്നു സ്റ്റേജിലേക്ക് പോകും പോയി പുറകിൽ പാസ്റ്ററിന്റെ കണ്ണിൽ പെടാതിരുന്ന് അങ്ങു ഇരുന്നു കൊടുത്തേക്കണം.

'... 1:50 ഓ... 2:30 കഴിഞ്ഞ് വരുന്നവരുടെ പിന്നെയാ 1:50.

*.. അവരു മറ്റുള്ളവർക്കു വേണ്ടി പ്രാർത്ഥിക്കുവാൻ മാത്രം വരുന്നതാ..

/... അതെന്താ.. അങ്ങനെ..?

★... അത് കഴിഞ്ഞ് മധ്യസ്ഥ പ്രാർത്ഥനയല്ലിയോ..

I... മധ്യസ്ഥ പ്രാർത്ഥനയ്ക്കു നമ്മൾ പ്രാധാന്യം കൊടുക്കാത്ത തു കൊണ്ടാ. മധ്യസ്ഥതയെന്നാൽ നടുവിൽ നിൽക്കുകയെന്നാണ്. യേശു കർത്താവ് കുരിശിൽ മരിച്ചത് നമ്മൾ ചെയ്ത പാപം ഏറ്റെടുത്തു കൊണ്ടാണ്. ദൈവത്തിന്റെയും നമ്മുടെയുംഇടയിൽ യേശു കർത്താവ് കയറി നിന്നു. അതു പോലെയാണ് നമ്മൾ മറ്റുള്ളവരുടെ രോഗത്തിനു വേണ്ടിയും മറ്റ് ആവശ്യങ്ങൾക്കു വേണ്ടിയും പ്രാർത്ഥിക്കുമ്പോൾ, കർത്താവേ എന്റെ സഹോദരങ്ങളുടെ രോഗം മാറിയില്ലെങ്കിൽ, അത് ഞാനേറ്റെടു ത്തു കൊള്ളാം എന്നു പറയുന്നതാണ് മധ്യസ്ഥത. അങ്ങനെ ഹൃദയത്തോടെ നാം പ്രാർത്ഥിക്കണം.

I... അത് നമുക്കു കൃത്യമായി അറിയാവുന്നതു കൊണ്ടല്ലിയോ നമ്മ ഒരു ആമ്മീൻ പോലും പറയാത്തത്. അത് ഏറ്റെടു ക്കേണ്ടി വന്നാലോ.?

★... നമുക്ക് ചർച്ചിലേക്ക് പോകാം.

I... ഹാ.. നിങ്ങൾ ബൈബിൾ എടുക്കുന്നില്ലേ..

/... ഓ.. എന്തിനാ ബൈബിൾ എടുക്കുന്നത്.. നമ്മുടെ ഫോണിൽ ഉണ്ടല്ലോ.. ഇപ്പോൾ ബൈബിൾ കൊണ്ടു നടക്കുന്നത് Out of fashion ആയി...

/... വായിച്ചാൽ പോരെ.. ഇടയ്ക്ക് Facebookലോ. മറ്റോ റിപ്പോർട്ട് നോക്കുകയും ആവാം.

/... നമുക്ക് പ്രാർത്ഥിച്ച് തുടങ്ങാം...

/... ഓ അതു വേണോ.. പ്രാർത്ഥിക്കണോ.. പ്രാർത്ഥിക്കുവാനല്ല നമ്മൾ പോരുന്നത്.


/... വേണം.. ദൈവദാസന്മാർക്കു വേണ്ടിയും, സഭയിലെ വിശ്വാസികൾക്കു വേണ്ടിയും ഒക്കെ നമ്മൾ പ്രാർത്ഥിക്കണം.

[തലയിൽ തുണി ഇടാതെ പ്രാർത്ഥിക്കുവാൻ നിൽക്കുന്ന സഹോദരിമാരെ ചൂണ്ടി വിമർശിക്കുന്നു.]

/... കഴിഞ്ഞ ദിവസം ഞാൻ പറയണമെന്നു വിചാരിച്ചതാ. സഹോദരിമാരെ, നിങ്ങൾ പ്രാർത്ഥിക്കുമ്പോഴും ആരാധനയ്ക്കു നിൽക്കുമ്പോഴും എപ്പോഴും തലയിൽ തുണി ഇടണം.
"മൂടുപടം ഇല്ലാതെ പ്രാർത്ഥിക്കുകയോ പ്രവചിക്കുകയോ ചെയ്യുന്ന ഏതു സ്ത്രീയും തന്റെ തലയെ അപമാനിക്കുന്നു."

/... പ്രാർത്ഥിക്കാം.

അനുകൂലമല്ലാത്ത കാറ്റ് പടകിനെ വലയ്ക്കുന്നു.



ലേഖനം:-

## അനുകൂലമല്ലാത്ത കാറ്റ് പടകിനെ വലയ്ക്കുന്നു.

ലേഖനം:-

വായനാഭാഗം:- മത്തായി 14: 23-24 - "അവൻ പുരുഷാരത്തെ പറഞ്ഞയച്ചിട്ടു പ്രാർത്ഥിപ്പാൻ തനിയെ മലയിൽ കയറിപ്പോയി; വൈകുന്നേരം ആയപ്പോൾ ഏകനായി അവിടെ ഇരുന്നു. പടകോ കരവിട്ടു പലനാഴിക ദൂരത്തായി, കാറ്റു പ്രതികൂലമാകകൊണ്ടു തിരകളാൽ വലഞ്ഞിരുന്നു."

വിശ്വാസത്തിന്റെ പടകു ഇറങ്ങിത്തിരിച്ച കരവിട്ടു പല നാഴിക ദൂരത്താകുമ്പോൾ, വിശ്വാസത്തിന്റെ ഉറപ്പിനും എത്തിച്ചേരേണ്ട തീരവും അകലെയല്ലാതെയും ഇരിക്കുമ്പോൾ കാറ്റ് പ്രതികൂലമാകും.. യഥാർത്ഥമായി ഈ പടകിൽ യാത്ര ചെയ്യുന്നവർ എല്ലാവരും അനുഭവിക്കേണ്ട യാഥാർത്ഥ്യമാണ് ഇത്. ക്രിസ്തീയ പടകിൽ കയറിയാത്ര ചെയ്യുന്ന യാത്രക്കാരാരും ഇതിന് അപവാദമല്ല.
ചിലപ്പോൾ പിൻ മാറ്റത്തിൽ പോയതുകൊണ്ടാകാം, അല്ലെങ്കിൽ വിശ്വാസത്തിനെ വർദ്ധിപ്പിക്കുന്നതിനു വേണ്ടിയാകാം, അതുമല്ലെങ്കിൽ യേശു കർത്താവു അനുഭവിച്ചതുപോലെ മറ്റുള്ളവർക്കു വേണ്ടിയാകാം. കടലിലാണോ യാത്ര, നമ്മുടെ പ്രതീക്ഷകൾക്ക് വിപരീതദിശയിലായിരിക്കും എപ്പോഴും കാര്യങ്ങൾ. ഒരു പക്ഷേ വളരെയധികം ശാന്തത അനുഭവിക്കുമ്പോഴാകാം യാതൊരു കാരണവും വിളിച്ചറിയിക്കാതെ കടൽ പ്രക്ഷുബ്ധമാകുന്നത്. യാത്ര തിരിക്കുമ്പോൾ പ്രശ്നങ്ങളുണ്ടാകുമെന്ന് തോന്നുകയില്ല. കാരണം പലതാണ്, ഇന്നലത്തെ സമൃദ്ധിയുടെ മധുര സ്മരണകൾ, പച്ചിനിടയിലൂടെ അപ്പത്തിന്റെ രുചിയാകാം, അതുമല്ലെങ്കിൽ കുറച്ചും കൂടുതലുള്ള ധൈര്യക്കുറവാകാം.

എന്നാൽ കരവിട്ടു ചില നാഴിക ദൂരത്താകുന്ന പടകു അനുകൂലമല്ലാത്ത കാറ്റു കൊണ്ടും വൻ തിരകളാൽ വലഞ്ഞു, പ്രതികൂലം ശക്തമാകയാൽ ഇറങ്ങിത്തിരിക്കേണ്ടിയിരുന്നില്ല എന്നോ, ഇടയ്ക്കു വച്ചു യാത്ര നിർത്തിയാലോ എന്നോ ആലോചിക്കും. അതുമല്ലെങ്കിൽ കുറച്ചു കൂടി സുരക്ഷിതമായ മറ്റു പടകിലേക്കു ചുവടു മാറിയാലോ എന്നു പോലും ചിന്തിക്കും. ഈ അവസ്ഥ വരുവാൻ കാരണമായി നാം പറയുന്നത്, വിളിച്ചിറക്കിയവൻ തനിച്ചു പോകുവാൻ നിർബന്ധിച്ചതുകൊണ്ടാണ്. എന്നാൽ നമ്മുടെ കുഞ്ഞുങ്ങൾ തനിയെ നടന്നു കാണുവാൻ ആഗ്രഹിക്കുന്നതു പോലെ സ്വർഗ്ഗത്തിലെ പിതാവും ആഗ്രഹിക്കുന്നു.

ദൈവത്തിന്റെ വഴികൾ എത്ര അപ്രമേയവും അഗോചരവും ആകുന്നു. അവന്റെ വടിയും കോലും എന്നേക്കും നമ്മെ ആശ്വസിപ്പിക്കുന്നതാണ്. ആപത്തിലേക്ക് കാലെടുത്തു വയ്ക്കുന്നതിനു മുമ്പേ, ശരിയായ പാതയിൽ നടത്തുവാൻ ഉപയോഗിക്കുന്ന തന്റെ വടിയും കോലും... ശിക്ഷിക്കുമ്പോൾ വേദനയായി തോന്നാമെങ്കിലും, അതിൽ അഭ്യാസം വന്നവർക്ക് ഇത് നീതിയായിരുന്നല്ലോ എന്നുള്ള ആശ്വാസം ലഭിക്കുന്നു. നമുക്കു എതിരെ വരുന്ന ചില ദുരന്തങ്ങൾ, വിമർശനങ്ങൾ, പരിഹാസ ശകലങ്ങൾ എല്ലാം.... നാം ചോദിക്കുന്ന പാമ്പുകൾ, തേളുകൾ, കല്ലുകൾ ഇവയെല്ലാം തന്നിരുന്നത് നമ്മുടെ നന്മയ്ക്കായിരുന്നല്ലോ എന്നുള്ള വൈകിയ തിരിച്ചറിവ് യേശുവിനെ കൂടുതലായി സ്നേഹിക്കുവാൻ നമ്മെ പ്രേരിപ്പിക്കുന്നു.

ശിഷ്യന്മാർ ചിന്തിച്ചതുപോലെ അവൻ നമ്മെ — കുറിച്ചു വിചാരമില്ലാത്തവനല്ല. മൂന്നു യാമങ്ങൾ വരെ കടന്നു പോയേക്കാം, എന്നാൽ പുതിയ ഒരു-

പ്രഭാതത്തിൽ (നാലാംയാമത്തിൽ) സദ്‌വാർത്തയുമായി
അവൻ കടന്നു വരും.

# അപ്പൊ. പ്രവൃത്തികൾ ഒരു പഠനം.

യേശുവിന്റെ ശുശ്രൂഷ മൂലം യേശു കർത്താവിന്റെ സകല സമ്പത്തിനും നാമും അവകാശികളായി. പിന്നീട് നമ്മുടെ ശുശ്രൂഷ യേശുവിങ്കലേക്കു ജനങ്ങളെ ആകർഷിക്കുകയാണോ അതോ നമ്മുടെ അസഹിഷ്ണുത ജനങ്ങളെ അവനിൽ നിന്നു അകറ്റുകയാണോ.?

# അപ്പൊ. പ്രവൃത്തികൾ ഒരു പഠനം.

വീണ്ടും ഒരിക്കൽ കൂടി തിരുവചനത്തിൽ നിന്നു ചിന്തിക്കുവാൻ ദൈവം നല്കിയ അവസരത്തിനായ് നന്ദി.

ക്രിസ്തുവിന്റെ മണവാട്ടി സഭയെ കളങ്കവും നിഷ്കളങ്കയുമായി ഒരുക്കി എടുക്കേണ്ടതിന്, ക്രിസ്തു ശരീരമാകുന്ന സഭയെ സകലത്തിലും യോജ്യം വരുത്തി നടത്തേണ്ടതിനു... ഭൂമിയിലേക്കു വന്ന പരിശുദ്ധാത്മാവിന്റെ ആഗമനോദ്ദേശ്യം മനസ്സിലാക്കാതെ, ദൈവത്തെ ആരാധിക്കുന്നവർ സത്യത്തിലും ആത്മാവിലും ആരാധിക്കുന്ന നാഴിക വന്നിരിക്കുന്നു എന്നുള്ള യേശു കർത്താവിന്റെ വാക്കുകൾ തിരിച്ചറിയാതെയോ, കേൾക്കാതെയോ, ചിന്തിച്ചിരുന്ന യെഹൂദന്മാർ, വീഞ്ഞു കുടിച്ചതു മൂലമാണ് ഇങ്ങനെ സംഭവിച്ചതെന്ന് പറഞ്ഞ് തലയറഞ്ഞു ചിരിക്കുമ്പോൾ, ഉയരത്തിൽ നിന്നുള്ള ശക്തി പ്രാപിച്ച പത്രൊസും ബാക്കി പതിനൊന്നു പേരോടു കൂടെ എഴുന്നേറ്റു, ഉറക്കെ വിളിച്ചു പറയുന്ന കാര്യമാണ് നാം ഒന്നിച്ചു ഇന്ന് ലക്കം ചിന്തിക്കുന്നത്.

<u>അപ്പൊ. പ്രവൃത്തികൾ 2:14-15</u>

"അപ്പോൾ പത്രൊസ് പതിനൊന്നു പേരോടു കൂടെ നിന്നുകൊണ്ടു ഉറക്കെ പറഞ്ഞതു: യെഹൂദപുരുഷന്മാരും യെരൂശലേമിൽ പാർക്കുന്ന എല്ലാവരുമായുള്ളോരേ, ഇതു നിങ്ങൾ അറിഞ്ഞിരിക്കട്ടെ: എന്റെ വാക്കു ശ്രദ്ധിച്ചു കേൾപ്പിൻ. നിങ്ങൾ ഊഹിക്കുന്നതു പോലെ ഇവർ ലഹരി പിടിച്ചവരല്ല; പകൽ മൂന്നാം മണി നേരമേ ആയിട്ടുള്ളൂ വല്ലോ."

പ്രവൃത്തികളുടെ പുസ്തകത്തിലെ പത്രൊസിന്റെ രണ്ടാമത്തെ പ്രസംഗമാണിത്. ആദ്യ പ്രസംഗം പരിശുദ്ധാത്മാവിനെ കാത്തിരുന്ന 120 പേരടങ്ങിയ കർതൃ ശിഷ്യരോടാണെങ്കിൽ —

രണ്ടാമത്തെ പ്രസംഗം പുറത്തുള്ളവരോടാണ്. പരിശുദ്ധാത്മാവിനെ പ്രാപിക്കുമ്പോൾ നിങ്ങൾ എന്തു ചെയ്യണം എന്നു കല്പിച്ച യേശുവിന്റെ വാക്കുകളെ ആ നിമിഷം തന്നെ അനുസരിക്കുന്നവരായിട്ടാണ് പത്രോസിനെയും കൂട്ടരെയും നാം ഇവിടെ കാണുന്നത്. ഉയരത്തിലെ ശക്തി ലഭിച്ച ആദ്യനിമിഷങ്ങളിൽ തന്നെ സാക്ഷിയാകുന്ന ശിഷ്യന്മാർ. യേശുവിന്റെ ക്രൂശികരണ സമയത്ത് ചിതറിപ്പോയ, പേടിച്ചരണ്ട പത്രോസിനെയല്ല പ്രത്യുത, അതിധൈര്യത്തോടെ യെഹൂദപ്രമുഖന്മാരെ, യെരുശലേമിൽ പാർക്കുന്ന ഏവരുമേ എന്നു അതിധൈര്യത്തോടെ അഭിസംബോധന ചെയ്യുന്ന പത്രോസിനെയാണ് നാം ഇവിടെ കാണുന്നത്.

"നിങ്ങളുടെ അറിവിലേക്കു വരേണ്ട പ്രധാനപ്പെട്ട ഒരു കാര്യം പറയുകയാണ്. ശ്രദ്ധിച്ചു കേട്ടുകൊള്ളണം, അൻപതു ദിവസത്തിനു മുമ്പ് നിങ്ങൾ ചിലതു ഉത്സാഹിച്ചു അധർമ്മികളുടെ കയ്യാൽ കൊല്ലിക്കുവാൻ ഒരു നീതിമാനെ ഏൽപ്പിച്ചു കൊടുത്തു. നിങ്ങളുടെ ഉത്സാഹം അന്നത്തെപോലെ ഇന്നും ദോഷകരമാണ്." നമുക്കു ചുറ്റുമുള്ള ഏതു സാഹചര്യത്തെയും, സകലതും നന്മക്കായി മാറ്റുവാൻ കഴിവുള്ള ദൈവമാണ് നല്കുന്നത് എന്നുള്ള ഉത്തമവിശ്വാസം ഉണ്ടെങ്കിൽ, സുവിശേഷത്തിന്റെ പങ്കാളിയാകുക എന്നതാണ് നമ്മുടെ ഉദ്ദേശ്യമെങ്കിൽ ആ സാഹചര്യങ്ങളെ സുവിശേഷത്തിനു അനുകൂലമാക്കുവാൻ നമുക്കു കഴിയും. ഈ പ്രതികൂല സാഹചര്യങ്ങളെ സന്നദ്ധതയുടെ ആത്മാവിൽ നേരിട്ടാൽ ശത്രുവാകുന്ന പിശാചിനു പ്രവർത്തിക്കുവാനുള്ള അനുമതിയും നമ്മൾ നിഷേധിക്കും. പത്രോസിന്റെയും കൂട്ടരുടെയും സന്നദ്ധത മൂലം അന്നു മൂവായിരത്തോളം പേരെ ക്രിസ്തുവിങ്കലേക്കു നയിക്കുവാൻ അവർക്കു സാധിച്ചു. മൂന്നര വർഷക്കാലം യേശുവിനോടു ചേർന്നു നടന്നു അവനിൽ നിന്നു പഠിച്ചതിന്റെ ഫലങ്ങൾ പ്രീയ ശിഷ്യരിൽക്കൂടി —

വെളിപ്പെട്ടു തുടങ്ങി. സങ്കീർത്തനക്കാരൻ പറയുന്നത് (18:35]
നിന്റെ സൗമ്യത എന്നെ വലിയവനാക്കിയെന്നാണ്. യേശുവിന്റെ-
സൗമ്യത മൂലം യേശു കർത്താവിന്റെ സകല സമ്പത്തിനും നാമും
ഓഹരിക്കാരായി. എന്നാൽ നമ്മുടെ സൗമ്യത യേശുവിങ്കലേക്കു
ജനങ്ങളെ ആകർഷിക്കുകയാണോ അതോ നമ്മുടെ അസഹിഷ്ണുത
ജനങ്ങളെ അവനിൽ നിന്നു അകറ്റുകയാണോ.?

പത്രോസ് അവരോട് പറയുന്നത്, നിങ്ങൾ
വിചാരിക്കുന്നതു പോലെ ഇവർ വീഞ്ഞു കുടിച്ചവരല്ല, രാവിലെ
ഒൻപതു മണിയായിട്ടേയുള്ളൂ. ഉപഹാസം വെച്ചുള്ള നിങ്ങളുടെ
വിമർശനങ്ങൾ തെറ്റാണ്. പലകാലം നാമും ഇതുപോലെ പലരെ
ദിനംപ്രതി വിമർശിക്കുന്നു. നമ്മുടെ നിസ്സാര വാക്കുകൾ, പരിഹാസ
ശകലങ്ങൾ മറ്റുള്ളവരുടെ മനസ്സിനെ മുറിവേൽപ്പിക്കുന്നതാണ്.
ഒരു പക്ഷേ നമ്മുടെ ഈ വിമർശനങ്ങൾ, പരിഹാസങ്ങൾ, കേട്ടു
നിൽക്കുന്നവരെ സന്തോഷിപ്പിക്കുന്നതിനായിട്ടായിരിക്കാം ഉപയോഗി-
ക്കുന്നത്. ആരെക്കുറിച്ചോ ഒരു സമൂഹത്തെക്കുറിച്ച് അപമാനി
ക്കുമ്പോ, അവർക്ക് മനോവ്യസനത്തിന് കാരണമാകും.
നമ്മുടെ പരിഹാസ്യമായുള്ള സംസാരരീതി നമ്മെ ന്യായവിധി
ത്തിനു മുമ്പിൽ എത്തിക്കുവാൻ കഴിവുള്ളതാണ്. (മത്തായി 12:26)

യൂദായുടെ ലേഖനത്തിൽ പറഞ്ഞിരിക്കുന്നതു പ്രധാന
ദൂതനായ മീഖായേൽ, പിശാചിനോട് ഒരു ദൂഷണവിധി ഉച്ചരിപ്പാൻ
തുനിയാതെ കർത്താവിനു ഏൽപ്പിച്ചു കൊടുക്കുമ്പോൾ, നാം
പലപ്പോഴും അറിയാത്തതിനെ എല്ലാം ദൂഷിക്കുന്നു. നമുക്കും
തീരുമാനിക്കാം, കേൾക്കുന്നവരെ മുറിച്ചു കളയുന്ന വാക്കുകളല്ല,
യേശു കർത്താവിനെ പോലെ ലാവണ്യ വാക്കുകൾ ഞാൻ
പ്രയോഗിക്കുമെന്ന്.
നമ്മുടെ വാക്കുകൾ എപ്പോഴും ഉപ്പിനാൽ രുചിവരുത്തി-
യതാകട്ടെ.

# പഴയ പാട്ടുകൾ

## സാധു കൊച്ചു കുഞ്ഞുപദേശി രചിച്ച ഗാനങ്ങൾ



വീടുമില്ലാരുമില്ലൊന്നുമില്ലി
ലോകത്തിലെനിക്കെന്നോർക്കുക നീ
വിടകലും നീ ഒരു നാളിൽ
ഉണ്ടെന്നു തോന്നുന്ന സകലത്തെയും

പുഴ പാട്ടുകൾ

– സ്വയം കൊല്ലുകുന്ന ഉപദേശിയുടെ നാമങ്ങൾ –

ഉണരുക നീയെന്നാത്മാവേ
ചേരുകയെന്നവിന്നരികിൽ നീ
തണലവനല്ലാതാരുണ്ടീ
ഊഴിയിൽ നമ്മെ പാലിപ്പാൻ

പുതിയൊരുനാൾ നമുക്കണഞ്ഞുവന്നു
എങ്ങനെ നാമിന്ന് ജീവിക്കേണ്ടു
പാപത്തിൻ തിരകളിലലഞ്ഞിടാതെ
യേശുവേ നോക്കി നാം ജീവിക്കേണം

പോയൊരു ദിവസമതുപോലെ
ഭൂവിലെ വാസവും നീങ്ങിപ്പോകും
നീയിത ധ്യാനിച്ചിടുകിൽ
നിത്യതയും പുൽകാനായീക്ഷണത്തിൽ

വീടുവിട്ടാരുമില്ലാതായി
ലോകത്തിലെനിക്കെന്നോർക്കുക നീ
വിടുകയും നീ ഭൂനാട്ടിൽ
ഉണ്ടെന്നു തോന്നുന്ന സകലത്തെയും

ആപത്തനർത്ഥങ്ങളിൽ പിന്തിരിഞ്ഞിൽ
ഖേദത്തിൻ സമുദ്രമാണീയുലകം
പാപത്തെ വെറുത്തിയൊരാത്മാവിൻ
നാശത്തിൻ തിരകളിലലച്ചിടുന്നു

ക്ഷേമം നമുക്കിന്നു വന്നിടേണ്ട
മേലിൽ നമുക്കൊരു ഭേദമുണ്ടു
ഭക്തൻമാരതിലതി മോദമോടെ
നാഥൻ കൃപയതിനോർത്തുകൊണ്ടും

സ്നേഹിതർ നമുക്കുണ്ട് സ്വർഗ്ഗത്തിൽ
ദൈവത്തിൻ ദൂതരും പരിശുദ്ധരും
സ്നേഹം കൊണ്ടവരെ വാഴ്ത്തിപ്പാടു-
നവിടെ നമുക്കും പാടുണ്ടോ

ക്രിസ്തുവിന്റെ കാഹളത്തിൻ ധ്വനി
കേൾക്കുമോ ആ ദിനമതിന്നു
വിശ്രമവാസത്തിലാകുമോ നാം
ഇതിന്നു മരുന്നൊരുക്കുക നാഥരേ.

# ചോദ്യാവലി



- ചോദ്യാവലി -

1. മോശയുടെ മാതാവിന്റെ പേര്?

2. മോശ എവിടെ വച്ചാണ് മരിച്ചത്?

3. എന്തുകൊണ്ടാണ് മോശ ഫറവോന്റെ പുത്രിയുടെ മകൻ എന്നു വിളിക്കപ്പെടുന്നത് നിരസിച്ചത്?

കഴിഞ്ഞ ലക്കത്തിലെ ഉത്തരങ്ങൾ.

1. ഉപമകൾ ഇല്ലാത്ത സുവിശേഷം?
   യോഹന്നാൻ എഴുതിയ സുവിശേഷം.
2. മെൽക്കിസെദെക്കിനെ കുറിച്ച് വിവരിക്കുന്ന തിരുവചനത്തിലെ ഭാഗങ്ങൾ?
   ഉല്പത്തി - 14:18, 20
   സങ്കീർത്തനങ്ങൾ - 110:4
   എബ്രായർ - 5:6 & 10, 6:20, 7:1, 7:6, 10, 11, 15 & 17.
3. ജ്യേഷ്ഠാവകാശം വിറ്റ ഏശാവിനു എന്തൊക്കെയാണ് യാക്കോബ് കഴിക്കുവാൻ വേണ്ടി കൊടുത്തത്?
   അപ്പവും പയറു കൊണ്ടുള്ള പായസവും കൊടുത്തു.

ശരി ഉത്തരം അയച്ചവർ : മീനു ജോൺ ദുബായ്.

ഉത്തരങ്ങൾ അയക്കേണ്ട വിലാസം- agape.magasine@gmail.co
Or. agape@agapemagazine.com

സന്ദർശിക്കുക :- www.agapemagazine.com